# വീണ്ടും ചിരിക്കുന്ന പൂക്കൾ



എത്തിനോക്കി ഞാനാ പനിനീർ പൂവിനെ

എത്തിപ്പിടിക്കാനാവാത്ത വിണ്ണിലേക്കും

എന്നെത്തൊടേണ്ടയെന്ന ഭാവത്തോടെ

എന്തിനോ പരിഭവിക്കുന്നാ പനിനീർ പുഷ്പം

കുമ്പിട്ടിരിക്കുന്നെന്റെയാ ജമന്തിയും

കുറ്റിമുല്ലയും ചെത്തിയും പിന്നെ ചെമ്പരത്തിയും

കാണെക്കാണെ കണ്ണുകൾ നിറയുന്നു എന്റെ

കരളിൽ നിന്നും പരിഭവങ്ങൾ മായ്ക്കാനായ്

കളകളാരവം പാടിയെന്നെ വിളിക്കുന്ന

കിളികളൊക്കെയുമെങ്ങോ മറഞ്ഞുപോയ്

കണികാണാനാർക്കും വേണ്ടല്ലോയെന്നോർത്ത്

കണിക്കൊന്നകൾ താഴെ വിതറീയാമഞ്ഞപ്പൂക്കൾ

നിറയെ ചോക്ലേറ്റും കളിപ്പാട്ടങ്ങളും

നിറങ്ങളും സ്വപ്നങ്ങളും കൊണ്ടു വന്നതാണെന്റെപ്പ

നി വരേണ്ടയെന്ന് ചൊല്ലി മുറിയടച്ചിരിപ്പാണ്

നാളേ തുറക്കുമോ ആമുറിയുടെ വാതിലുകൾ

കാണേണ്ടേ എന്റെയീ നിറംനൽകിയ ചിത്രങ്ങൾ

കാത്തു വച്ചതാണെന്റുപ്പയെ കാണിക്കാൻ

കണ്ടില്ലെന്നു നടിക്കുന്നോയീ നിറയുന്ന കണ്ണുകൾ

കാത്തിരുന്നവരുടെയീ നീറ്റൽ മാറുന്നതെങ്ങനെ

ഉമ്മ വല്ലുമ്മ ഉപ്പാപ്പയുമൊക്കെ

ഊണുമുറക്കവുമില്ലാതെ വിതുമ്പുന്നു

ഉപ്പക്കു കഴിക്കാനായെല്ലാം മുറിയിലെത്തിക്കുന്നുമ്മ

ഉപ്പതൻ വസ്തുങ്ങൾ ഡറ്റോളിലിൽ കഴുകുന്നു

മൂക്കുപൊത്തി നടക്കുന്നെല്ലാരും മാസ്കിനാൽ

മുഖവും കൈകളും സോപ്പിനാൽ കഴുകുന്നു

മുറികളെല്ലാം ഡറ്റോളിൽ തുടക്കുന്നു

മൂക്കിൽ നിറയുന്നു ഡറ്റോളുതൻ രൂക്ഷഗന്ധം

പുറത്തിറങ്ങാനാവുന്നില്ലെനിക്കിന്ന്

പുറത്താരെയും കാണാനുമില്ലിപ്പോൾ

പടിക്കപ്പുറം നിന്നാരൊക്കയോ നോക്കുന്നു

പടിക്കിപ്പുറത്തേക്കാരുമിന്നെത്തുന്നില്ല

എന്തെല്ലാം പറഞ്ഞെന്നെ കൊതിപ്പിച്ചെന്റുപ്പ

എവിടെല്ലാം പോകാനായി കണ്ടുവച്ചിരിന്നു ഞാൻ

എന്നെ കൊതിപ്പിച്ചയാ വണ്ടർലയും പിന്നെ

എന്റെയുപ്പാന്റെയൊപ്പമാ നാട്ടിൽ കറങ്ങലും

ഓർത്തോർത്തിരിക്കെയെൻ കണ്ണീർ തോരുന്നില്ല

ഓർക്കാപുറത്തെന്നുമ്മ വിളിക്കുന്നു

ഓടിവന്നെന്നെ കെട്ടിപിടിക്കുന്നു

ഓരോ കണ്ണിലേയും കണ്ണീർ തുടക്കുന്നു

മോനേ നീയറിയേണമിപ്പോഴീ നാട്ടിൽ

മാനവരാകേ ഭീതിയിലാണിപ്പോൾ

മഹാമാരിയീ ലോകത്തിൽ പടരുന്നു

മനുഷ്യരെയൊരുപാട് കൊന്നൊടുക്കീടുന്നു

ചൈനയിൽനിന്നു തുടങ്ങിയീ  മഹാമാരി

ലോകമാകേ പടർന്നുകഴിഞ്ഞിപ്പോൾ

ലോകരെല്ലാം വീടിനുള്ളിലൊതുങ്ങുന്നു

ലോക്ഡൗണെന്ന പേരുവിളിക്കുന്നു

കൈകളിൽ നിന്നു മൂക്കിലും കണ്ണിലും വൈറസ്

കടന്നാലുണ്ടാവുമീ വ്യാധി നമ്മിലെല്ലാവർക്കും

കൂടിനിന്നാൽ പടരുമീരോഗം അതിനാൽ

കടമയാണ് നാമകന്നു നിൽക്കേണ്ടത്

കൈകൾ കഴുകേണമെപ്പോഴും സോപ്പിനാൽ
മൂക്കിലും കണ്ണിലും കൈതൊടാതിരിക്കണം
മറ്റുള്ളവരുമായടുക്കാതിരിക്കണം
മഹാമാരി മാറ്റാനായി നമുക്ക് പ്രാർത്ഥിക്കാം
നാളെ നമുക്കും ജനങ്ങൾക്കും
നീളെ രോഗം വരാതെയിരിക്കട്ടെ
നമ്മുടെ നാടിന്റെ നന്മകൾ
നമ്മുടെ കൈയ്യാൽ നശിക്കാതെ നോക്കേണം
നിപയും പ്രളയവും പരീക്ഷിച്ചയീനാടിനെ
കോവിഡിനാൽ തകർക്കാതെ നോക്കണം
സർക്കാരിന്റെ പ്രവർത്തനങ്ങളിൽ നാം
എന്നും ഒന്നായി സഹകരിച്ചീടണം
എന്നമ്മതൻ വാക്കുകൾ കേട്ടിരിക്കേ
എന്റെ കണ്ണിലെങ്ങോ തിളങ്ങീയൊരുവെട്ടം
എന്റെ പൂക്കൾ ചിരിക്കാൻ തുടങ്ങീ
എന്റെ കുളിർക്കാറ്റും വീശാൻതുടങ്ങീ
കണിക്കൊന്നപ്പൂക്കൾ തലയാട്ടിച്ചിരിച്ചു
പനിനീർപുഷ്പങ്ങൾ സുഗന്ധം നിറച്ചു
ചെത്തിയും മുല്ലയും ചെമ്പരത്തിയും
പിന്നെയാ തെങ്ങോലകളുമാടിക്കളിച്ചു
ഞാനും ചിരിച്ചു പിന്നെയുറക്കെ പറഞ്ഞു
ഞങ്ങൾ തോൽപ്പിക്കുമീ കോവിഡിനേയൊറ്റക്കെട്ടായ്
ഞങ്ങൾ കണ്ണിൽ പിടിക്കില്ല മൂക്കിൽ പിടിക്കില്ല പിന്നെ
ഞങ്ങളീ കൈകൾ കഴുകും സോപ്പിട്ടു നന്നായി
എന്നമ്മ ചിരിച്ചു വല്ലമ്മയും ചിരിച്ചു പിന്നെ
എന്റെ വീട്ടിലാകെ ചിരികളാൽ നിറഞ്ഞു
ഉറക്കെപ്പറഞ്ഞു ഞങ്ങൾ ജയിക്കും
അതിജീവിക്കും ഒറ്റക്കെട്ടായ്!

-ആഷിഫ് റസീൻ ഇ.എ
സെന്റ് ഡോമിനിക്സ് ഇ.എം.എച്ച്.എസ്. , പള്ളുരുത്തി, എറണാകുളം